കർഷകരുടെ ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിനുള്ള നടപടികൾ

136 (7433) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷകരുടെ ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിനും ഇടത്തട്ടുകാരുടെ ചൂഷണം ഒഴിവാക്കുന്നതിനുമായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) കാർഷികോല്പന്ന വിതരണ വിപണന ശൃംഖല ശക്തിപ്പെടുത്തുന്നതിനായി ഈ സർക്കാർ 2012-13, 2013-14 വർഷക്കാലത്ത് എത്ര തുക ചെലവഴിച്ചു ; അതിൻപ്രകാരം എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയെന്നും വിശദമാക്കാമോ ;

(സി) വിപണി അടിസ്ഥാന സൗകര്യ വികസനത്തിനായി നബാർഡുമായി ചേർന്ന് എത്ര തുകയുടെ വികസന പ്രവർത്തനങ്ങൾ 1-7-2011 മുതൽ 31-3-2014 വരെ നടപ്പിലാക്കി എന്നതിന്റെ വിശദാംശം വാർഷികാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ ?

ഉത്തരം

(എ) കർഷകരുടെ ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിനും ഇടത്തട്ടുകാരുടെ ചൂഷണം ഒഴിവാക്കുന്നതിനുമായി സംസ്ഥാനത്ത് 6 കാർഷിക മൊത്തവ്യാപാര വിപണികളായ ആയനറ, നെടുമങ്ങാട്, മരട്, മുവാറ്റുപുഴ, വേങ്ങേരി, സുൽത്താൻബത്തേരി എന്നിവടങ്ങളിലും 5 ജില്ലാ സംഭരണ വിപണന കേന്ദ്രങ്ങളായ കൊല്ലം - കാളിയൻചന്ത, ആലപ്പുഴ - കോടന്തുരുത്ത്, കോട്ടയം - കുറുപ്പുന്തറ, ഇടുക്കി -തൊടുപുഴ, തൃശ്ശൂർ - പാവറട്ടി എന്നിവിടങ്ങളിലും പ്രവർത്തിക്കുന്നു. കർഷകർ അവരുടെ ഉല്പന്നങ്ങൾ നേരിട്ടുകൊണ്ടുവന്ന് ലേലം നടത്തി വിറ്റ് ന്യായവില നേടിയെടുക്കുന്നു. ഇതിനായി ഓരോ വിപണികളിലെയും ജില്ലാ സംഭരണ വിപണന കേന്ദ്രങ്ങളുടെയും പരിസരത്തുള്ള കർഷകരെ ക്ലസ്റ്ററുകളാക്കിക്കൊണ്ട് അവരുടെ ഉല്പന്നങ്ങൾ സംഭരിച്ച് നിശ്ചിത ദിവസങ്ങളിൽ അതാത് വിപണികളിൽ ലേലം നടത്തുന്നതിനായി കൊണ്ടുവരുന്നു. കൃഷിവകുപ്പ് ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന ഒരു കമ്മിറ്റിയാണ് ഓരോ വിപണിയിലും അടിസ്ഥാന വില നിശ്ചയിക്കുന്നത്. എല്ലാ ലേലത്തിലും സർക്കാർ ഏജൻസിയായ ഹോർട്ടികോർപ്പ് പങ്കെടുക്കുന്നതിനാൽ കച്ചവടക്കാർ ഒത്തുചേർന്ന് വില താഴ്ത്തുവാനുള്ള സാദ്ധ്യത ഒഴിവാക്കുകയും മിച്ചംവരുന്ന ഉല്പന്നങ്ങൾ ഹോർട്ടികോർപ്പ് സംഭരിക്കുകയും ചെയ്യുന്നു. ഇത്തരത്തി

LIBRARY ARCHIVES Kerala Legislative Assembly

ലേലസംവിധാനം നടക്കുന്നതിനാൽ കർഷകർക്ക് നഷ്ടമുണ്ടാകാതിരിക്കുകയും ന്യായമായ വില ലഭ്യമാവുകയും ചെയ്യുന്നു. പ്രസ്തുത വിപണികളും സംഭരണ കേന്ദ്രങ്ങളും ശക്തിപ്പെടുത്തുന്നതിനായി മാർക്കറ്റ് വികസന പദ്ധതിയിൽ ആവശ്യമായ തുക അനുവദിച്ചിട്ടുണ്ട്.

(ബി) കാർഷികോല്പന്ന വിതരണ വിപണന ശൃംഖല ശക്തിപ്പെടുത്തുന്നതിനായി ഈ സർക്കാർ 2012-13, 2013-14 വർഷക്കാലത്ത് താഴെപ്പറയുന്ന പദ്ധതികൾക്കായി തുക ചെലവഴിച്ചു:

2012-13

1. വി.എഫ്.പി.സി.കെ.യുടെ വിപണനം ശക്തിപ്പെടുത്തുന്നതിന് - 550 ലക്ഷം
2. ഹോർട്ടികോർപ്പിന്റെ വിപണന പ്രവർത്തനങ്ങൾക്ക് - 505 ,,
3. കാർഷിക മൊത്തവ്യാപാര വിപണികളുടെ ശാക്തീകരണം - 602 ,,

2013-14

1. വി.എഫ്.പി.സി.കെ.യുടെ വിപണനം ശക്തിപ്പെടുത്തുന്നതിന് - 618 ,,
2. കാർഷിക മൊത്തവ്യാപാര വിപണികളുടെ ശാക്തീകരണം - 440 ,,
3. ജില്ലാ സംഭരണ വിപണന കേന്ദ്രങ്ങളുടെ ശാക്തീകരണം - 10 ,,

വി.എഫ്.പി.സി.കെ., ഹോർട്ടികോർപ്പ് എന്നിവയ്ക്ക് അനുവദിച്ചിരിക്കുന്ന തുക അവരുടെ വിപണന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഉപയോഗിക്കുന്നു.

കാർഷിക മൊത്തവ്യാപാര വിപണികൾക്ക് അനുവദിച്ച തുക വിപണികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ലേല നടപടികളുടെ പ്രവർത്തനത്തിനും ലേലത്തിന് ഉല്പന്നങ്ങൾ കൊണ്ടു വരുന്നവർക്ക് ട്രാൻസ്പോർട്ട് സബ്സിഡി നൽകുന്നതിനും ഉപയോഗിക്കുന്നു.

ജില്ലാസംഭരണ കേന്ദ്രങ്ങൾക്ക് അനുവദിച്ച തുക ലേല നടപടികൾക്കായും കർഷകർക്കുള്ള ട്രാൻസ്പോർട്ട് സബ്സിഡിക്കായും വിനിയോഗിക്കുന്നു.

(സി) നബാർഡുമായി ചേർന്ന് തുക വിനിയോഗിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly